(ബി) സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി വിവിധ നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ.-മാരുടെ സഹകരണത്തോടുകൂടി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അസാപ്പിന്റെ ചീഫ് എഞ്ചിനീയർ, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ കൺസൾട്ടന്റ് എന്നിവരുടെ നേതൃത്വത്തിൽ വിശദമായ പരിശോധനയും ചർച്ചയും നടത്തിയതിനുശേഷം ഭൂമിയുടെ ലഭ്യതയനുസരിച്ച് സ്കിൽ പാർക്കുകൾ താമസിയാതെ ആരംഭിക്കുന്നതാണ്.

വയനാട് മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിലെ അദ്ധ്യാപക തസ്തികകൾ

91(4716) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മേപ്പാടി ഗവ. പോളിടെക്നിക്കിൽ ഓരോ വിഭാഗത്തിലും എത്ര അദ്ധ്യാപകരാണ് നിലവിലുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോളിടെക്നിക്കിൽ ഏതെല്ലാം അദ്ധ്യാപക തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) തസ്തികകളുടെയും നിലവിലുള്ള ഒഴിവുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഒഴിവുകൾ എല്ലാം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗസ്റ്റ് ലക്ചറർമാരുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ തടസ്സം കൂടാതെ നടത്തുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പുവഴി നിയമനം നടത്തേണ്ട കെമിസ്ട്രി, ഫിസിക്സ്, ഇംഗ്ലീഷ് ലക്ചറർ തസ്തികകളിൽ സ്ഥിര നിയമനം നടത്താൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly